സാഹിത്യവാരഫലം

1990/05/20 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1990/05/20-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

ആലിക്സാന്തർ ബ്ലൊക്ക്

“നിങ്ങൾ അദ്ദേഹത്തിന്റെ കാവ്യങ്ങളിൽ ഏതു വേണമെങ്കിലും നോക്കൂ. ആരുടെയും സമ്മതം കൂടാതെ ഒരു വാർത്താശകലം തനിയെ ആ പുറത്തുവന്ന് ഇരുന്നുവെന്നേ തോന്നൂ; ആരും എഴുതിയതല്ല ആ കാവ്യമെന്ന മട്ടിൽ. കാറ്റ്, തളംകെട്ടിയ മലിനജലം, നക്ഷത്രം, തെരുവുവിളക്ക് ഇവയെക്കുറിച്ചുള്ള കാവ്യമല്ല നിങ്ങൾ കാണുന്നത്. വിളക്കു പ്രകാശിപ്പിക്കുന്ന മലിനജലം കടലാസ്സിന്റെ പരപ്പിലൂടെ ആഞ്ഞുവീശിയ കാറ്റ്, അതിൽ അതവശേഷിപ്പിച്ച ശക്തവും ആർദ്രവും ശല്യപ്പെടുത്തുന്നതുമായ പാട്ട് ഇവയാണ് ദർശിക്കുക.”


പാസ്തർനക്ക്

ആലിക്സാന്തർ ബ്ലൊക്ക് (Blok) എന്ന റഷ്യൻ കവിയെക്കുറിച്ച് പാസ്തർനക്ക് (Pasternak) എന്ന മറ്റൊരു റഷ്യൻ കവി പറഞ്ഞതിന്റെ അവിദഗ്ദ്ധമായ ഭാഷാന്തരീകരണമാണിത്. പറഞ്ഞത് അദ്ദേഹത്തിന്റെ An Essay in Autobiography എന്ന മനോഹരമായ രചനയിൽ. ഇതുപോലെയുള്ള മൗലികങ്ങളായ നിരീക്ഷണങ്ങൾ ഈ ചെറിയ ആത്മകഥയിൽ എവിടെയുമുണ്ട്. ടോൾസ്റ്റോയിയുടെ മൃതദേഹം കണ്ട് പാസ്തർനക്ക് പറഞ്ഞതുകൂടി എടുത്തെഴുതാതിരിക്കാൻ വയ്യ. അത് ഇംഗ്ലീഷിൽത്തന്നെയാവട്ടെ

> “Tolstoy’s presence filled the room like a mountain—say like Elbrus—or like a storm cloud the size of half a sky. And Tolstoy’s widow was as much a part of it as a great cliff taken from the mountain or as a lightning flashing from the cloud.

സോവിയറ്റ് യൂണിയനിലെ എൽബ്രൂസ് പർവ്വതംപോലെ ടോൾസ്റ്റോയിയുടെ സാന്നിദ്ധ്യം അവിടെ അനുഭവപ്പെട്ടു. അല്ലെങ്കിൽ അന്തരീക്ഷത്തിന്റെ പകുതിയോളം വ്യാപിച്ചുനിന്ന ചണ്ഡവാത മേഘം പോലെ. അദ്ദേഹത്തിന്റെ സഹധർമ്മിണി ആ പർവ്വതത്തിൽനിന്ന് അടർത്തിയെടുത്ത വലിയ കന്മപോലെ. അല്ലെങ്കിൽ മേഘത്തിൽനിന്നു ജ്വലിക്കുന്ന മിന്നൽപോലെ. എത്ര അനായാസമായിട്ടാണ് പാസ്തർനക്ക് ടോൾസ്റ്റോയിയുടെ മഹത്ത്വവും അദ്ദേഹത്തിനു സഹധർമ്മിണിയോടുള്ള ബന്ധവും വ്യഞ്ജിപ്പിക്കുന്നത്!

ടോൾസ്റ്റോയിയുടെ അന്ത്യം അദ്ദേഹം സൃഷ്ടിച്ച കഥാപാത്രങ്ങളോടു ബന്ധപ്പെടുത്തുന്നതിന്റെ ഭാവനാവിലാസം കൂടി നോക്കുക:

> It was somehow natural that Tolstoy should have found his rest and found it by the wayside like a pilgrim, close to one of Russia’s railways on which his heroes and heroines continued to fly past and round and round, unaware, as they glanced out of the carriage window and caught sight of the small station, that here the eyes which had seen them, embraced them, and immortalised them had closed for ever.

ടോൾസ്റ്റോയിയുടെ മൃതദേഹം ഒരു കൊച്ചു തീവണ്ടിയാപ്പീസിൽ കിടക്കുകയാണ്. അദ്ദേഹം സൃഷ്ടിച്ച കഥാപാത്രങ്ങൾ തീവണ്ടിയുടെ ജനലിലൂടെ നോക്കുന്നു. അവരെക്കണ്ട കണ്ണുകൾ എല്ലാക്കാലത്തേക്കുമായി അടഞ്ഞിരിക്കുന്നു. അവരെ ആലിംഗനം ചെയ്തു, അവരെ അനശ്വരമാക്കിയ കണ്ണുകൾ ഇനി തുറക്കുകയില്ല.

സാഹിത്യം നല്കുന്ന ആഹ്ലാദം പരകോടിയിലെത്തുമ്പോൾ പിന്നീട് വായിക്കാനാവാതെ ഞാൻ ഗ്രന്ഥം അടച്ചുവയ്ക്കാറുണ്ട്. അങ്ങനെ ഞാൻ ഈ ആത്മകഥ കുറച്ചുനേരത്തേയ്ക്ക് അടച്ചുവച്ചു. ആരോ പറഞ്ഞില്ലേ ഈ ഗ്രന്ഥം തൊടുമ്പോൾ നിങ്ങൾ ഒരു മഹാനെ തൊടുന്നുവെന്ന്. അതുതന്നെയാണ് ഇവിടെയും സംഭവിക്കുക. ഇതൊരു ചെറിയ ആത്മകഥയാണ്. പക്ഷേ, സാഗരജലകണികയിൽ സാഗരത്തിന്റെ ഉജ്ജ്വലലത മുഴുവനും കാണാം (ജിബ്രാൻ). ആ ഉജ്ജ്വലതയുടെ ദർശനത്തിനുവേണ്ടി ഈ ഗ്രന്ഥം വായിക്കുക.(Poems 1955–1959 and An Essay in Autobiography—Boris Pasternak, Collins Harvill—1990—£6=95. Spl. Price £3=50)

മേറീന റ്റ്സ്വേതയേവ

പാസ്തർനക്കിന്റെ Safe Conduct ഇതിനു മുൻപുണ്ടായ ആത്മകഥയാണ്. ആ പുസ്തകം എന്റെ കൈയിലില്ല. എങ്കിലും അതിലെ ഒരു വാക്യം ഞാൻ ഓർമ്മിക്കുന്നു: ‘Lacquered sound of giggling from disintegrating order of life winked at each other in the quite’. ശബ്ദത്തിന് അമൂർത്തസ്വഭാവമാണുള്ളത്. പാസ്തർനക്കിന്റെ കൈയിൽ അവയ്ക്കു ക്രിയാത്മകസ്വഭാവം വരുന്നു. അവ സജീവങ്ങളാകുന്നു. An Essay in Autobiography എന്ന ഗ്രന്ഥത്തിൽ ബ്ലൊക്കിനെയും മേറീന റ്റ്സ്വേതയേവയെയും (Marina Tsvetayeva) വാഴ്ത്തുന്നുണ്ട്. അവരെക്കാൾ വലിയ കവിയാണ് പാസ്തർനക്ക്.

നിർവചനങ്ങൾ

ചങ്ങമ്പുഴക്കവിത: മണൽക്കാട്ടിൽ വിരിഞ്ഞ പനിനീർപ്പൂവ്.

ഡ്രൈവാഷിങ് സെന്റേഴ്സ്: രാസദ്രവ്യങ്ങൾ ശ്രദ്ധയില്ലാതെ പ്രയോഗിച്ച് നമ്മുടെ വസ്ത്രങ്ങളെ നശിപ്പിക്കുന്ന സ്ഥാപനങ്ങൾ.

സിനിമാശാലകൾ: സഹൃദയർക്ക് ഉറക്കം തൂങ്ങാനുള്ള സ്ഥലങ്ങൾ. ഉറങ്ങാത്തവർക്കു നിരന്തരം കോട്ടുവായിടാനും.

തലമുടി: സിലിണ്ടറിന്റെ ആകൃതിയിൽ തലയിൽനിന്നു വളരുന്ന നാര്. ഇന്നത്തെ പെൺകുട്ടികൾക്കു മുറിച്ചു കളയാനുള്ളത്; ഇന്നത്തെ ആൺകുട്ടികൾക്കു നീട്ടി വളർത്താനുള്ളതും.

നിയമസഭാംഗങ്ങൾ: ‘സമ്മതിദായകർ’ ഉപകാരം ചെയ്യുമെന്നവെ മട്ടിൽ തിരഞ്ഞെടുത്ത് അയയ്ക്കുന്നവർ. പിന്നീട് പ്രത്യുപകാരത്തിനുവേണ്ടി അവരാൽ പീഡിപ്പിക്കപ്പെടുന്നവർ. പീഡ അസഹനീയമാവുമ്പോൾ നിയമസഭാംഗത്വം വേണ്ടായിരുന്നു എന്നു തോന്നുന്നവർ.

സംസ്കൃതം: പിടിയില്ലാത്തവർക്കു കാണുന്നിടത്തൊക്കെ വിസർഗ്ഗമിടാനുള്ള ഭാഷ.

ലജ്ജ: ഇന്നത്തെ ചെറുപ്പക്കാരികൾക്ക് ഇല്ലാത്തതും എഴുപതിലെത്തിയ സ്ത്രീകൾക്ക് എപ്പോഴുമുണ്ടാകുന്നതുമായ ഒരു ഭാവം.

പൊൻകുന്നം വർക്കി: സിംഹം. ഇപ്പോഴും സിംഹം തന്നെ.

പി. കേശവദേവ്: സിംഹമാണ് താനെന്ന് പലപ്പോഴും പ്രഖ്യാപിച്ചിരുന്ന ശ്രദ്ധൻ. പക്ഷേ, സിംഹമായിരുന്നില്ല താനും.

കീർത്തി: ആളുകൾ അതുള്ളവനെ കാണുമ്പോൾ ‘ഹാ ഹാ’ എന്ന് അഭിനന്ദനം പൊഴിക്കാനും അയാൾ മാറിപ്പോകുമ്പോൾ അവർക്കുതന്നെ ‘ഹ ഹ’ എന്നു പറയാനും സഹായിക്കുന്നത്.

മഞ്ഞക്കാർഡ്: റഫ്റി ഫുടബോൾ കളിക്കാരുടെ മുൻപിൽ പൊക്കിക്കാണിക്കുന്നത്. ആ കാണിക്കലല്ലാതെ വേറൊന്നും ചെയ്യാൻ അയാൾക്കു ധൈര്യമില്ല.

ദാമ്പത്യം: ജീവപര്യന്തം തടവ്.

നിറുത്തണേ

ഒരിക്കൽ ഞാൻ തമ്പാനൂർ തീവണ്ടിയാപ്പീസിൽ വന്നിറങ്ങി കേരള എക്സ്പ്രസ്സിൽ. കെ. വി. സുരേന്ദ്രനാഥിനെ കണ്ട് ഒരു കാര്യം പറഞ്ഞിട്ട് വീട്ടിൽ പോകാമെന്നു തീരുമാനിച്ച് ഞാൻ ഓട്ടോറിക്ഷയിൽ കയറി സി. പി. ഐ ഓഫീസിലേക്കു പോകട്ടെ എന്നു ഡ്രൈവറോടു പറഞ്ഞു. തീവണ്ടിയാപ്പീസിൽനിന്നു സി. പി. ഐ ഓഫീസിലേക്കുള്ള ദൂരം മൂന്നു ഫർലോങ്ങാണ്. വടക്കോട്ടാണ് പോകേണ്ടതും. പക്ഷേ, ഡ്രൈവർ വാഹനം പടിഞ്ഞാറോട്ടു തിരിച്ച് ഓടിച്ചുതുടങ്ങി. ഞാൻ ശാന്തത കൈവിടാതെ “അനിയാ ഞാൻ തിരുവനന്തപുരത്തുകാരനാണ്. മനോരമ ആപ്പീസിന്റെ മുൻപിലൂടെപോയി അട്ടത്ത ജങ്ഷനിൽ ചെന്നിട്ട് വലത്തോട്ടു പോയാൽ മതി. കേട്ടോ” എന്നു പറഞ്ഞു. അയാൾ ഓട്ടോറിക്ഷ തിരിച്ചു. ഞാനതു പറഞ്ഞില്ലായിരുന്നെങ്കിൽ വാഹനം പൂജപ്പുര, വെള്ളയമ്പലം, വഴുതയ്ക്കാട്, തൈക്കാട് ഇവ സ്ഥലങ്ങളെല്ലാം സ്പർശിച്ച് പതിനഞ്ചു കിലോമീറ്റർ താണ്ടി സി. പി. ഐ ഓഫീസിനു മുൻപിൽ വന്നുനില്ക്കുമായിരുന്നു. ആദ്യമായി തിരുവനന്തപുരത്ത് എത്തുന്നവനാണെങ്കിൽ അവൻ മൂന്നു ഫർലോങ്ങിനു പകരം കറങ്ങി ഇരുപതു കിലോമീറ്റർ സഞ്ചരിച്ചതുതന്നെ. ഓരോ പുതിയ സ്ഥലം കാണുമ്പോഴും വാപൊളിച്ച് ഇരിക്കുമായിരുന്നു.

കലാകൗമുദിയിൽ ‘ഇല’ എന്ന ‘കാവ്യം’ എഴുതിയ ടി. ശ്രീവത്സൻ സ്വന്തം കാവ്യ വാഹനത്തിൽ വായനക്കാരനെ കയറ്റി അയാൾക്കു ദിഗ്ഭ്രമമുണ്ടാക്കിക്കൊണ്ടു സഞ്ചരിക്കുന്നു.

> പാപിയുടെ കൈതെരമിരം, സൂര്യന്റെ കൃഷ്ണമണി താണ്ടിത്തളർന്നൊരില ഞാനെന്നി ക്ഷപ്പവാരിത്തന്നവൻ ചിലമ്പാതെ പോയ്ക്ഴരം കണ്ടു ആചാരവെടിപൊട്ടി കവിതൻ തലച്ചോറൊ- രാകാശമായ്; കോടിമൂടുന്ന വാക്കുകൾ.

‘ഒന്നു നിറുത്തണേ. എനിക്കു തലചുറ്റുന്നു, പേടിയാവുന്നു’ എന്നു പറയാൻ തോന്നിപ്പോകുന്നു. ഓട്ടോറിക്ഷാഡ്രൈവർ എത്ര ഭ്രമമുളവാക്കിയാലും സി. പി. ഐ ഓഫീസിന്റെ മുൻപിൽ കൊണ്ടുചെന്നു വാഹനം നിറുത്തും. ശ്രീവത്സൻ വായനക്കാരനെ പേടിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ലക്ഷ്യസ്ഥാനമില്ല അദ്ദേഹത്തിന്.

തിരുവനന്തപുരത്തെ മ്യൂസിയം പൂന്തോട്ടത്തിൽ ‘പുല്ലിൽ ചവിട്ടരുത്’ എന്ന് എഴുതിയ ബോർഡ് വച്ചിട്ടുണ്ട്. ‘പുകവലിക്കരുത്’ എന്നു വിമാനത്തിൽ. ‘ചിത്രങ്ങളിൽ തൊടരുത്’ എന്നു ചിത്രപ്രദർശനങ്ങളിൽ. പക്ഷേ, ആളുകൾ പുല്ലുകിടിയിലെ ഇരിക്കു. പുകവലിക്കും. ചിത്രങ്ങളിൽ തൊട്ടുനോക്കും. വിലക്കങ്ങളെ ശഷ്പ്പതുപരിഗണിക്കാനാണ് ബഹുജനത്തിനു താൽപര്യം. അതിനാൽ ശ്രീവത്സൻ കവിതയെഴുതരുതെന്നു ഞാൻ പറയുകയില്ല. നിർദ്ദേശിച്ചാൽ അതു ലംഘിക്കപ്പെടുമെന്നതിനു സംശയമില്ല. എന്നാലും ഉദ്യാനപാലകൻ ‘പുല്ലിൽ ചവിട്ടരുത്’ എന്ന് എഴുതിവയ്ക്കും. അത് അയാളുടെ ജോലിയാണ്. ഞാനും അത്തരത്തിൽ ഒരു ബോർഡ് ഉയർത്തിവയ്ക്കുന്നു.

ശത്രുഘ്നൻ

വാൾട് വിറ്റ്മാൻ

ക്ഷയമുള്ള ഒരു എട്ടുകാലി നിശ്ശബ്ദമായി പരിതഃസ്ഥിതികളെ വീക്ഷിച്ചിട്ട് അതിന്റെ ശരീരത്തിൽനിന്നു നൂലുകൾ പുറപ്പെടുവിച്ച് എവിടെയെങ്കിലും ബന്ധിപ്പിക്കാൻ ശ്രമിക്കുന്ന ചിത്രം അമേരിക്കൻ കവി വാൾട് വിറ്റ്മാൻ വരച്ചിട്ടുണ്ട്. കവിയുടെ ആത്മാവ് എറിയുന്ന നൂലുകൾ ഇതുപോലെ ഏതെങ്കിലുമിടത്ത് ചെന്നുപറ്റിയെങ്കിൽ എന്നാണ് അദ്ദേഹത്തിന്റെ ആഗ്രഹം. ശത്രുഘ്നന്റെ ‘സമാന്തരങ്ങൾ’ (ഇന്ത്യാറ്റുഡേ) എന്ന നല്ല കഥയിലെ കൃഷ്ണൻകുട്ടി അയാളുടെ ഗുരുനാഥയുമായി ആത്മബന്ധം സ്ഥാപിക്കാൻ ശ്രമിക്കുന്നു. അയാൾ പ്രശസ്തനായ നൃത്തവിദഗ്ദ്ധൻ. ഒരമേരിക്കക്കാരിയെ വിവാഹംകഴിച്ച് അവിടെ താമസിക്കുകയാണ്. ഇടയ്ക്കു നാട്ടിൽ വന്നപ്പോൾ തന്റെ നൃത്തവൈദഗ്ദ്ധ്യത്തിനെല്ലാം കാരണക്കാരിയായ റ്റീച്ചറെ—ഭാനുമതിയെ—കണ്ടിട്ടു പോകാമെന്നു തീരുമാനിച്ച് അവരുടെ വീട്ടിൽ എത്തുന്നു. റ്റീച്ചർ വിവാഹപ്രായം ഏറെ കഴിഞ്ഞ കുമാരിയായിട്ടാണ് താമസം. ഗുരുനാഥ മരണശയ്യയിലാണെന്നു കണ്ട് ശിഷ്യൻ കറൻസിനോട്ടുകളെടുത്ത് അവർക്കു കൊടുക്കുന്നു. ആത്മാവും ബന്ധം അഭിലഷിക്കാത്ത അവർ അതു നിരസിക്കുന്നു. “പക്ഷേ, അവിവാഹിതയായ മകൾക്ക് എവിടെയെങ്കിലും നൂല് ബന്ധിപ്പിക്കണം. അമ്മയ്ക്കു മരുന്നു വാങ്ങാൻ അവൾ നൃത്യപ്പ കടം ചോദിക്കുന്നു അയാളോട്. അയാളെടുത്തു കൊടുക്കുന്ന നോട്ടുകളിൽനിന്ന് ഒരു നൂറ്റരുപ്പ നോട്ടു മാത്രം എടുത്തിട്ട് അത് എന്നെങ്കിലും തിരിച്ചുകൊടുക്കുമെന്ന് അവൾ അറിയിക്കുന്നു. എല്ലാക്കാലത്തേക്കുമായി എന്തിനു ബന്ധം ഒരു വിവാഹിതനോട്? ബന്ധപ്പെടാനുള്ള ആഗ്രഹവും ബന്ധപ്പെടാതിരിക്കാനുള്ള ആഗ്രഹവും തമ്മിലുള്ള സംഘട്ടനത്തിന്റെ ജനിക്കുന്ന ദുരന്താവബോധമാണ് ഇക്കഥയെ ഹൃദയസ്പർശകമാക്കുന്നത്. ഓരോ കഥാപാത്രവും ഓരോ വികാരത്തിൽ ഒരിക്കപ്പെടുന്നു. ആ വികാരങ്ങളെ സ്പഷ്ടമാക്കിക്കൊണ്ടുവന്ന് അവയെ നമ്മുടെയും വികാരങ്ങളാക്കി മാറ്റുന്ന കഥാകാരൻ. താനൊരു നല്ല കഥയെഴുതിയെന്ന് ശത്രുഘ്നന് അഭിമാനിക്കാം.

അവസാനത്തെ പ്രയോഗത്തിനു

പനമ്പിള്ളി ഗോവിന്ദമേനോൻ

മുഖ്യമന്ത്രിയായിരുന്ന പനമ്പിള്ളി ഗോവിന്ദമേനോൻ മറ്റു മന്ത്രിമാരുടെ സമ്മേളനത്തിൽ പങ്കെടുക്കാൻ ഉടനെ പോകേണ്ടിയിരുന്നു. പക്ഷേ, സ്കൂൾ അധികാരികളുണ്ടോ അതിനു സമ്മതിക്കുന്നു. പെൺകുട്ടികളുടെ ഡാൻസുണ്ട്. അതു കണ്ടിട്ടേ പോകാവൂ എന്നായി അവർ. മര്യാദയുടെ പേരിൽ മുഖ്യമന്ത്രി സമ്മതംമൂളി പ്ലാറ്റ്ഫോമിന്റെ താഴെയായി ഇരുന്നു. ക്ഷമാഹപിടിച്ചു കറെ പെൺപിള്ളേർ വേദിയിൽ കയറി ഏതോ നാടൻ വാദ്ധ്യാർ പഠിപ്പിച്ച ചില അംഗവിക്ഷേപങ്ങൾ കാണിച്ച് അങ്ങോട്ടുമിങ്ങോട്ടും ചാടി. ഒരു ചാതുര്യമില്ലാത്ത കറെ ചേഷ്ടകൾ. ഒരുത്തി ഗർദ്ദഭസ്വരത്തിൽ സൈഡ്കർട്ടന്റെ ഇടയിലിരുന്നു പാടുന്നുണ്ട്. താനാണ് പാട്ടുന്നതെന്ന് അറിയിക്കാനായി അവൾ മെലിഞ്ഞ കഴുത്ത് ഇടയ്ക്കിടെ വെളിയിലേക്കു നീട്ടുന്നുണ്ട്. അരമണിക്കൂറായി. ഒരുമണിക്കൂറായി. ഡാൻസ് അവസാനിക്കുന്നില്ല. പോകാൻ തിടുക്കംകൂട്ടിയ പനമ്പിള്ളി, ഭാവവ്യത്യാസമില്ലാതെ ഒറ്റയിരിപ്പാണ് കസേരയിൽ. ഒന്നരമണിക്കൂർ ആകാറായപ്പോൾ എല്ലാപ്പെൺപിള്ളേരുടെയും കൈകൾ പനമ്പിള്ളിയുടെ നേർക്കു നീണ്ടു. അവർ ഒന്മിച്ചുപറഞ്ഞു: അങ്ങയുടെ കൈയിൽ സുരക്ഷിതമാണ് കേരളത്തിന്റെ ഭാവി’ ഇതു പറഞ്ഞുതീർന്നതും യവനിക വീണതും ഒന്നായിക്കഴിഞ്ഞു. ഏതോ വാദ്ധ്യാർ, മുഖ്യമന്ത്രിയുടെ പ്രീതിക്കുവേണ്ടി പടച്ചുവച്ചതായിരുന്ന ആ ഡാൻസും അവസാനത്തെ പ്രയോഗവും. ഈ സംഭവം ഞാൻ ഓർമ്മിച്ചത് എം. രാഘവന്റെ ‘രണ്ടുപെൺകുട്ടികൾ’ എന്ന കഥ വായിച്ചതിനാലാണ്. ഒരു പെൺകുട്ടി വീട്ടിലുള്ളവർ മറ്റെപ്പെൺകുട്ടി വേലക്കാരി. വീട്ടിലുള്ളവൾ ഒരു പാത്രം പൊട്ടിച്ചപ്പോൾ ഗൃഹനായിക ചെവിതിരുമ്മലല്ലോ എന്ന് അവൾക്കു പേടി. അപ്പോൾ വേലക്കാരിപ്പെണ്ണു പറഞ്ഞുപോലും. “എനിക്കു വേദനിക്കില്ല. എന്റെ ചെവികിപ്പം... നല്ല ഒറപ്പാ... വേലക്കാരിയാണ് പാത്രം പൊട്ടിച്ചതെന്നു വിചാരിച്ച് കൊച്ചമ്മ അവളുടെ ചെവി തിരുമ്മിയാലും ഒന്നുമില്ല. പലതും തിരുമ്മിത്തിരുമ്മി അവളുടെ ചെവി കല്ലിച്ചുപോയിരുന്ന സാരം. പെൺപിള്ളേരെക്കൊണ്ട് ആ വാക്കുകൾ പറയിക്കാൻ പനമ്പിള്ളിയുടെ വിലപിടിച്ച സമയം നഷ്ടപ്പെടുത്തി സ്കൂൾ വാദ്ധ്യാർ. നമ്മുടെ സമയം നഷ്ടപ്പെടുത്താനം ദേശാഭിമാനിയുടെ ഈന്നപറം ദ്രഭപയോഗപ്പെടുത്താനംവേണ്ടി ചെവിയുടെ ഉറപ്പിനെക്കുറിച്ചുള്ള പ്രസ്താവം. കല ജീവിതത്തിന്റെ തനിപ്പകർപ്പല്ല. അതു കണ്ണാടിയിലെ പ്രതിഫലനവുമല്ല. ദേശാഭിമാനി വാരികയിൽ ‘എല്ലാം പതിവു പോലെ’ എന്ന ക്ഷുദ്രമായ കഥയെഴുതിയ മോഹനൻ കുറുപ്പാടിയും മനസ്സിലാക്കേണ്ട സാരസ്വതരഹസ്യമാണിത്.

ചോദ്യം, ഉത്തരം

ചോദ്യം: ഇംഗ്ലീഷ് എഴുതാനറിയാത്ത ഒരു ഇംഗ്ലീഷ് നിരൂപകനാര്?

ഉത്തരം: F. R. Leavis”—എഫ്. ആർ. ലീവിസ്.

ചോദ്യം: മലയാളം എഴുതാനറിഞ്ഞുകൂടാത്ത മലയാള നിരൂപകനാര്?

ഉത്തരം: നിർബ്ബന്ധിക്കരുത്, എപ്പോഴും ഒരുപേരു പറയുന്നതെങ്ങനെ?

ചോദ്യം: സ്പീഡ് പോസ്റ്റിനെക്കുറിച്ച് എന്തു പറയുന്നു?

ഉത്തരം: തിരുവനന്തപുരത്ത് ചില അപവാദ വ്യവസായികൾ ഉണ്ട്. അവർ സ്പീഡ് പോസ്റ്റിനെക്കാൾ സ്പീഡിൽ അപവാദ വ്യവസായം നടത്തും.

ചോദ്യം: ചന്ദ്രൻ സമീപദായിൽ വിമാനത്താവളമായിത്തീരുമ്പോൾ മലയാളം വാദ്ധ്യാന്മാരുടെ ചന്ദ്രമുഖിയും മറ്റും എവിടെപ്പോകും?

ഉത്തരം: ഒരിടത്തും പോകുകയില്ല. അന്നും സുന്ദരികളെ ചന്ദ്രമുഖികൾ എന്ന് കവികൾ വിളിക്കും. നിലാവ് പരക്കുമ്പോൾ വിരഹിണി ദുഃഖിക്കും.

ചോദ്യം: സാൽവാതോർ ദാലി ഇപ്പോൾ ജീവിച്ചിരുന്നെങ്കിൽ?

ഉത്തരം: ‘മ’ വാരികകൾക്കു പടം വരയ്ക്കുന്നായി കേരളത്തിൽ വന്മമായിരുന്നു.

ചോദ്യം: നിങ്ങളെ രസിപ്പിക്കുന്ന ഒരു സാഹിത്യ പ്രസ്താവം.

ഉത്തരം: ഒന്നും ഓർമ്മയില്ല. പിന്നെ ഈയിടെ ഒരു പെൺകുട്ടി എനിക്കയച്ച കത്തിലെ ചില വാക്യങ്ങൾ എന്നെ ഏറെ രസിപ്പിച്ചു. അത്: ‘താങ്കൾ നേരിട്ടു സംസാരിക്കുമ്പോൾ മാന്യൻ. എഴുത്തിൽ അമാന്യൻ. പ്രസംഗിക്കുമ്പോൾ കവിത ചൊല്ലി സ്വയം രസിക്കുന്നവൻ. ഞങ്ങൾ രസിക്കുന്നില്ല. പ്രസംഗം കഴിഞ്ഞ് സഭാവേദിയിൽ ഇരിക്കുമ്പോൾ എല്ലാവരെയും ഇടിക്കുന്ന ഒരു പൊലീസ് ഇൻസ്പെക്ടർ.

ചോദ്യം: നിങ്ങളുടെ ഓർമ്മയ്ക്കായി ഞങ്ങൾ ഒരു ശവകുടീരം നിർമ്മിച്ചാൽ അതിലെന്ത് എഴുതിവയ്ക്കണം? ചങ്ങമ്പുഴക്കവിത മാത്രം ഇഷ്ടപ്പെട്ട ഒരു ജ്യോത്സ്യൻ എന്നു മതിയോ?

ഉത്തരം: അതുവേണ്ട. ഞാൻ വേറെ പല കവിതകളും ഇഷ്ടപ്പെടുന്നു. ചരമനുരകവാക്യം ഇങ്ങനെയാവട്ടെ: എല്ലാവർക്കും സംഭവിക്കുന്നത് എനിക്കും സംഭവിച്ചു. പക്ഷേ, അത് മൃതകലാരൂപത്തിൽ സംഭവിച്ചില്ലല്ലോ എന്നതിൽ ദുഃഖം.

ചോദ്യം: ഇംഗ്ലീഷ് സംസാരിക്കുന്ന മലയാളി ഒരു വ്യാകരണത്തെറ്റു വരുത്തിയാൽ ഇംഗ്ലീഷ് പ്രൊഫസർമാർ പുച്ഛിച്ചു ചിരിക്കുന്നതു ശരിയോ?

ഉത്തരം: ശരിയല്ല. ഇംഗ്ലീഷ് വിദേശഭാഷയാണ്. സംസാരത്തിൽ വ്യാകരണം നോക്കേണ്ടതില്ല. ‘ഗുഡ്’ വ്യാകരണത്തെറ്റുകളോടു കൂടിത്തന്നെയാണ് സംസാരിക്കുക. നമ്മുടെ ദുരഭിമാനവും ബുദ്ധിശൂന്യതയുമാണ് പുച്ഛച്ചിരിക്കു കാരണം.

ചോദ്യം: 1) പ്രഥമദർശനത്തിലുള്ള പ്രേമം അനശ്വരമാകുമോ?, 2) സ്വപ്നവും യാഥാർത്ഥ്യവും തമ്മിൽ ബന്ധമുണ്ടോ?, 3) സാഹിത്യവാരഫലക്കാരൻ കൃഷ്ണനായരെക്കുറിച്ച് ഒരഭിപ്രായം എഴുതാമോ?” (സ്വീജ, ജീജ, മാളവിക, വർക്കല)

ഉത്തരം: പ്രഥമദർശനത്താലുണ്ടാകുന്ന പ്രേമമല്ല മതിമോഹമാണ്. അതിന് അനശ്വരത്വമില്ല. ഏതാനും ദിവസങ്ങൾകൊണ്ട് മോഹഭംഗമുണ്ടാകും. അപ്പോൾ കാമുകൻ കാമുകിയെയും കാമുകി കാമുകനെയും വെറുക്കും. 2) സ്വപ്നം യാഥാർത്ഥ്യത്തിന്റെ മൂന്നോടിയാണെന്നു യുങ് പറയുന്നു. ഞാനതു വിശ്വസിക്കുന്നു. 3) ഞാൻ എന്നെത്തന്നെ മനസ്സിലാക്കാൻ, ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ അഭിപ്രായം പറയാൻ വൈഷമ്യമുണ്ട്.

ചിരിക്കട്ടെ

ജപ്പാനിലെ സെൻ ദേവാലയങ്ങളിൽ ഒരേർപ്പാടുണ്ട്. അലഞ്ഞുനടക്കുന്ന സന്ന്യാസി ഏതെങ്കിലും ദേവാലയത്തിൽ വരികയും ബുദ്ധമതത്തെസ്സംബന്ധിച്ച വാദപ്രതിവാദത്തിൽ ജയിക്കുകയും ചെയ്താൽ അയാൾക്ക് ആ രാത്രി അവിടെ കഴിഞ്ഞുകൂടാം. ഇല്ലെങ്കിൽ അപ്പോൾത്തന്നെ പോകേണ്ടതാണ്. അത്തരത്തിലൊരു ദേവാലയത്തിൽ രണ്ടു സന്ന്യാസിമാരുണ്ടായിരുന്നു. ചേട്ടനും അനിയനും. ചേട്ടൻ പണ്ഡിതൻ. അനിയൻ മണ്ടനും ഒറ്റക്കണ്ണനും. ഒരു ദിവസം സായാഹ്നത്തിൽ ഒരു സന്ന്യാസി അവിടെയെത്തി രാത്രി കഴിഞ്ഞുകൂടാൻ. ചേട്ടൻ അന്നു പരിക്ഷീണനായിരുന്നു. അതുകൊണ്ട് വന്നെത്തിയവനോടു വാദപ്രതിവാദം നടത്താൻ അനിയനോട് അയാൾ ആവശ്യപ്പെട്ടു. കുറെക്കഴിഞ്ഞപ്പോൾ സഞ്ചാരിയായ സന്ന്യാസിവന്നു ചേട്ടനോടു പറഞ്ഞു: “നിങ്ങളുടെ അനിയൻ വലിയ മിടുക്കൻ. വാദപ്രതിവാദത്തിൽ അയാൾ ജയിച്ചു. ഞാൻ ഇപ്പോൾത്തന്നെ പോകുന്നു. “അതുകേട്ടു ചേട്ടൻ പറഞ്ഞു: നിങ്ങൾ പോകുന്നതിനുമുൻപ് സംഭാഷണത്തിന്റെ രീതി ഒന്നു പറഞ്ഞുതരു”. സഞ്ചാരി: “ശരി. ബുദ്ധനെ ഉദ്ദേശിച്ച് ഞാൻ ഒരു വിരൽ ഉയർത്തി. അപ്പോൾ നിങ്ങളുടെ അനിയൻ രണ്ടുവിരലുകൾ ഉയർത്തി ബുദ്ധനെയും അദ്ദേഹത്തിന്റെ ഉദ്ബോധനത്തെയും സൂചിപ്പിച്ചു. അപ്പോൾ ബുദ്ധനെയും ഉദ്ബോധനത്തെയും അദ്ദേഹത്തിന്റെ ശിഷ്യന്മാരെയും സൂചിപ്പിക്കാനായി ഞാൻ മൂന്നുവിരലുകൾ ഉയർത്തി. ആ സന്ദർഭത്തിൽ നിങ്ങളുടെ ബുദ്ധിമാനായ സഹോദരൻ മുഷ്ടിചുരുട്ടി എന്റെ മുഖത്തിനുനേരേ കൊണ്ടുവന്നു. ഒരു സാക്ഷാത്കാരത്തിൽനിന്നാണ് ഈ മൂന്നുണ്ടാകുന്നതെന്ന് വ്യക്തമാക്കാനായിരുന്നു അയാൾ അങ്ങനെ ചെയ്തത്”. ഇതുയും അറിയിച്ചിട്ട് സന്ന്യാസി അവിടംവിട്ടു പോയി.

അല്പംകഴിഞ്ഞ് അനുജൻ സന്ന്യാസി വിഷാദമഗ്നനായി ചേട്ടന്റെ അടുത്തെത്തി. അയാളെ വിജയത്തിന്റെ പേരിൽ അഭിനന്ദിച്ചപ്പോൾ അയാൾ പറഞ്ഞു: “ഞാൻ ജയിച്ചെന്നുമില്ല. എന്റെ ഒറ്റക്കണ്ണിനെ സൂചിപ്പിച്ച് അയാൾ ഒരു വിരലുയർത്തി അപമാനിച്ചപ്പോൾ അതിഥിയല്ലേ പകരം അപമാനിക്കരുതല്ലോ എന്നു കരുതി ഞാൻ രണ്ടുവിരലുകളുയർത്തി അയാൾക്കു രണ്ടു കണ്ണുകളുണ്ടല്ലോ എന്ന് വ്യഞ്ജിപ്പിച്ചു. അപ്പോൾ രണ്ടുപേർക്കും കൂടി മൂന്നുകണ്ണുകളേയുള്ളൂ എന്നു സൂചിപ്പിക്കാനായി അയാൾ മൂന്നുവിരലുകൾ ഉയർത്തിക്കാണിച്ചു. എനിക്കു കോപംവന്നു. അയാളുടെ മൂക്കിടിച്ചു തകർക്കാനായി ഞാൻ മുഷ്ടിചുരുട്ടി മുഖത്തേക്കു കൊണ്ടുചെന്നു. ഉടനെ അയാൾ പോയി. ‘കൈപ്പത്തി’ എന്ന ചെറുകഥയെഴുതിയ സി. എഫ്. ഡിക്കോസ്റ്റ വലിയ കൊങ്കണിസാഹിത്യകാരനാണെന്നു ചിലർക്കു പക്ഷം. അദ്ദേഹത്തിന്റെ കഥികൾ തികച്ചും സാധാരണങ്ങളാണ്. നമ്മുടെ ബഷീറിന്റെയോ തകഴിയുടെയോ കേശവദേവിന്റെയോ ഒ. വി. വിജയന്റെയോ മുകന്ദന്റെയോ സമീപത്തുപോലും അദ്ദേഹമെത്തുകയില്ലെന്ന് എനിക്കു പക്ഷം. രണ്ടു പേരും രണ്ടുതരത്തിൽ വിരലുകൾ ഉയർത്തുന്നു. മറ്റൊരു ദേശക്കാരനല്ലേ, മൂക്കിന് ഇടിക്കരുതല്ലോ എന്നു വിചാരിച്ച് ഞാൻ മൗനം അവലംബിക്കുന്നു. കടിക്കാൻ പണം ചോദിച്ചു ശല്യപ്പെടുത്തിയ ഒരുത്തനെ വേറൊരുത്തൻ ഇടിക്കുന്നു. പശ്ചാത്താപത്താൽ അയാൾക്കു നൂറ്റുരൂപ കൊടുക്കാമെന്ന് ഇടികൊട്ടുത്തവൻ തീരുമാനിക്കുന്നു. രൂപ കൊടുക്കാനായി അയാളെ വിളിക്കുമ്പോൾ വീണ്ടും ഇടിക്കാനാണു ഭാവമെന്നു തെറ്റിദ്ധരിച്ച് അയാൾ ജലാശയത്തിൽ എടുത്തുചാടുന്നു, മരിക്കുന്നു. എന്തൊരു കഥയാണിത്! അന്യദേശത്തെ കഥയെടുത്തു പ്രദർശിപ്പിക്കുമ്പോൾ അത് നമ്മുടെ കഥകളെ അതിശയിക്കണമെന്നു ഞാൻ പറയുന്നില്ല. പക്ഷേ, അതൊരു ‘പരട്ട്’ക്കഥയാകരുതല്ലോ. അനുജൻ സന്ന്യാസിയുടെ ‘വിശദീകരണം കേട്ട് ചേട്ടൻ പൊട്ടിച്ചിരിച്ചു. ഈ ‘വലിയ’ സാഹിത്യകാരന്റെ കഥയുടെ തർജ്ജമ വായിച്ച് ഞാനും ചിരിക്കുന്നു.

കലയുടെ പ്രവൃത്തി പ്രകൃതിയെ അനുകരിക്കലാണെങ്കിൽ ചിത്രങ്ങൾ വച്ചിരിക്കുന്ന എല്ലാ ഹർമ്മ്യങ്ങളും ചുട്ടെരിക്കും. അവയ്ക്കു പകരം ഫോട്ടോകൾ വച്ചു സ്റ്റുഡിയോ മാതൃക മതി നമുക്ക്. പ്രകൃതി ഒളിച്ചുവച്ചിരിക്കുന്നതിനെ കല പ്രകാശിപ്പിക്കുന്നതുകൊണ്ടാണ് ഒരു ചെറിയ ചിത്രത്തിനു കോടീശ്വരന്മാരുടെ എല്ലാ ആഭരണങ്ങളെക്കാളും രാജാക്കന്മാരുടെ എല്ലാ സമ്പത്തുക്കളെക്കാളും മേന്മയുള്ളത്—അരവിന്ദ ഘോഷ്.

ഇസ്തിരിപ്പെട്ടിയിലെ വിദ്യുച്ഛക്തി

മായകോവ്സ്കി

ഒരിക്കൽ മായാകോവ്സ്കി, പാസ്തർനക്കിനോടു പറഞ്ഞു: “നമ്മൾ തികച്ചും വിഭിന്നരാണെന്നതു സത്യംതന്നെ. അങ്ങ് അന്തരീക്ഷത്തിലെ മിന്നലിനെ ഇഷ്ടപ്പെടുന്നു. ഞാൻ ഇലക്ടിക് ഇസ്തിരിപ്പെട്ടിയുടെ അകത്തുള്ള അതിനെ ഇഷ്ടപ്പെടുന്നു. ഇതെഴുതുന്ന ആളിന് പാസ്തർനക്കിന്റെ കവിതയോടാണ് ആഭിമുഖ്യം എന്നാൽ മായകോവ്സ്കിയുടെ കവിതയെ വെറുക്കുന്നുമില്ല. അന്തരീക്ഷത്തിലെ മിന്നൽപ്പിണർ എന്നെ ആദ്ധ്യാത്മികതയിലേക്ക് (മതവുമായി ബന്ധപ്പെട്ടതല്ല ഈ ആദ്ധ്യാത്മികത) ഉയർത്തുന്നു. ഇസ്തിരിപ്പെട്ടിയുടെ അകത്തുള്ള മനഷ്യനിർമ്മിതമായ വിദ്യുച്ഛക്തി എന്നെ ലൗകികത്വത്തിലേക്കു താഴ്ത്തുന്നു. എന്നാലും രണ്ടു കവിതകളും ഞാൻ വായിക്കുന്നു.

വായനക്കാരനെ ഔന്നത്യത്തിലേക്കോ താഴ്ചയിലേക്കോ കൊണ്ടുപോകാതെ അയാൾക്കു അമ്പരപ്പ് ഉണ്ടാക്കുന്ന കവിതയെക്കുറിച്ച് ഞാനെന്ത് എഴുതാനാണ്? കങ്കമം വാരികയിൽ കരിമ്പുഴ ശ്രീകുമാർ എഴുതിയ ‘നമ്പ്രംസകം’ എന്ന കാവ്യം എത്ര പരിവൃത്തിയാണ് ഞാൻ വായിച്ചത്. ഉറക്കെച്ചൊല്ലി നോക്കിയപ്പോൾ അതിന്റെ താളം എന്നെ തഴുകി. പക്ഷേ, തഴുകൽ മാത്രം മതിയോ? അത് എവിടെയെങ്കിലും എന്നെ കൊണ്ടെത്തിക്കണ്ടേ? അതില്ല. കുറെ വാക്കുകൾ താളാത്മകമായി ശ്രീകമാർ ചേർത്തിരിക്കുന്നു. അത് ഒരനുഭൂതിയും പ്രദാനം ചെയ്യുന്നില്ല. ചിന്തയുടെ മണ്ഡലത്തിലേക്കു നയിക്കുന്നില്ല. വികാരത്തിന്റെ തരംഗത്തിലേക്കു എന്നെ എടുത്തുയർത്തുന്നില്ല. ഞാൻ ഇതു പല പരിവൃത്തി വായിച്ചത് ശ്രീകമാർ എന്റെ സുഹൃത്തായതുകൊണ്ടാണ്. കഴിയുമെങ്കിൽ രണ്ടു നല്ലവാക്കു പറയാമെന്നു വിചാരിച്ചു. ആ ആഗ്രഹം സഫലീഭവിച്ചില്ല. ഇത്തരം രചനകൾ കൊണ്ടു ശ്രീകമാർ ഒന്നും നേടുന്നില്ല.

നിരീക്ഷണം

ചങ്ങമ്പുഴയുടെ കവിത ലയാത്മകത്വത്തിന്റെ പരകോടിയിലെത്തിയതാണ്. ഇടപ്പള്ളി രാഘവൻപിള്ളയുടെ കവിതയ്ക്ക് അത്രത്തോളം ലയാത്മകതയില്ല. പക്ഷേ, അതിന് ആഴംകൂടും. വൈലോപ്പിള്ളിയുടെ കവിതയ്ക്ക് ഇവരുടെ രണ്ടുപേരുടെയും കവിതയെക്കാൾ ചിന്താഗൗരവമുണ്ട്. പക്ഷേ, ചങ്ങമ്പുഴയുടെ അന്യാദൃശമായ കാവ്യപ്രചോദനമോ ലയാത്മകതയോ അതിനില്ല. അതുകൊണ്ട് വൈലോപ്പിള്ളിക്കവിത നശിച്ചാലും ചങ്ങമ്പുഴക്കവിത നശിക്കില്ല. കീറ്റ്സിനു മരണമില്ല. എല്യറ്റ് വീണ്ടും മരിക്കും.

ആധുനികജീവിതം രാവണൻകോട്ടപോലെയാണെന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷേ, അതിന്റെ സങ്കീർണ്ണതകളെ ആവിഷ്കരിക്കുന്ന കവികൾ സങ്കീർണ്ണതകളെ അസങ്കീർണ്ണതകൾ ആക്കേണ്ടതാണ്. വ്യവസ്ഥയില്ലാത്ത ഇന്നത്തെ ജീവിതത്തെ ആവിഷ്കരിക്കുമ്പോൾ വ്യവസ്ഥയുണ്ടാക്കേണ്ടതാണ്. എന്നാലേ കവിത വിജയിക്കു. ആ രഹസ്യം ഇന്നത്തെ കവികൾ ഗ്രഹിച്ചിട്ടില്ല.

ഉജ്ജ്വലം

ഈഗൽടൻ

ഇംഗ്ലീഷ് പുസ്തകങ്ങളെക്കുറിച്ച് കൂടുതലെഴുതുന്നുവെന്ന് എന്നെക്കുറിച്ചു പരാതിയുണ്ട്. വിജ്ഞാനം പകർന്നുകൊടുക്കൽ എന്റെ ഒരു ലക്ഷ്യം കൂടിയാണെന്ന സവിനയം അറിയിക്കട്ടെ. എങ്കിലും പരാതി പറയുന്നവരുടെ സദയാനമതിയോടെ ഒരു പുതിയ പുസ്തകത്തെക്കുറിച്ച് എഴുതിക്കൊള്ളട്ടെ. 1990-ൽ പ്രസിദ്ധപ്പെടുത്തിയ The Ideology of Aesthetic (Terry Eagleton) ഉൽകൃഷ്ടമായ ഗ്രന്ഥമാണ്. (Basil Blackwell—£10=95) ഏറിയകൂറും ജർമ്മൻചിന്തകരെ അവലംബിച്ചുകൊണ്ട് സൗന്ദര്യ ശാസ്ത്രത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഈ പുസ്തകത്തിൽ നീച, ഷോപൻഹൗവർ, കാന്റ്, മാർക്സ്, ഷില്ലർ, ഫ്രോയിറ്റ് (ഓസ്ട്രിയൻ), കീർകഗോർ (ഡാനിഷ്), ഹൈഡഗർ, ലൂക്കാച്ച് (ഹംഗറിയൻ), ഫൂക്കോ (ഫ്രഞ്ച്), ബൻയമിൻ, ഹാബർമസ്സ് ഇവരുടെയെല്ലാം മതങ്ങൾ അപഗ്രഥിക്കപ്പെടുന്നു. മാർക്സിസ്റ്റ് സിദ്ധാന്തങ്ങളുടെയും ഐഡിയോളജിയുടെയും പ്രകാശത്തിൽ അവയെ പരിശോധിച്ച് ഈഗൽടൻ സ്വന്തം അനുമാനങ്ങളിൽ ചെല്ലുന്നു. അദ്ദേഹം ഐഡിയോളജി എന്നു പറയുന്നത് സവിശേഷമായ അർത്ഥത്തിലാണെന്നു തോന്നുന്നു. അത് എല്ലാവർക്കുമെന്നപോലെ രാഷ്ട്രവ്യവഹാരസിദ്ധാന്തമല്ല ഈഗൽടന്. അതുവിവരത്തിന്റെ ചരിത്രത്തെയാണ് അദ്ദേഹം ഐഡിയോളജി എന്നു വിളിക്കുന്നത്.



ഗ്രന്ഥത്തിന്റെ പ്രധാനപ്പെട്ട പ്രമേയം മനുഷ്യശരീരം തന്നെ. Aesthetics is born as a discourse of the body എന്ന ആദ്യത്തെ വാക്യം തന്നെ ഗ്രന്ഥത്തിന്റെ സ്വഭാവം വ്യക്തമാക്കും. ഫൂക്കോയും ബാർത്തും ശരീരത്തിന്റെയും അതിന്റെ ആഹ്ലാദത്തിന്റെയും പരമപ്രാധാന്യമെടുത്തു കാണിച്ചിട്ടുള്ളതു വ്യക്തമാക്കിയതിനശേഷം ശരീരമെന്ന ആശയത്തെ സ്റ്റേറ്റിനോടും വർഗ്ഗസമരത്തോടും ഉൽപാദനമാർഗ്ഗങ്ങളോടും ഈഗൽടൻ കൂട്ടിയിണക്കുന്നു.

നീച ശരീരത്തെയും സൗന്ദര്യശാസ്ത്രത്തെയും സംയോജിപ്പിക്കുന്നതിനെക്കുറിച്ച് ഈഗൽടൻ പറയുന്നതു സംഗ്രഹിച്ച് എഴുതട്ടെ. എല്ലാ സംസ്കാരത്തിന്റെയും അടിവേരു മനുഷ്യശരീരമാണെന്നു വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ ‘അധികാരത്തിലേക്കുള്ള ഇച്ഛാശക്തി’ (will to power) ആശയം നോക്കുക. അതു ശരീരത്തിന്റെ ആവിഷ്കാരമാണ്. മനുഷ്യന്റെ മൂക്കിനെക്കുറിച്ച് ബഹുമാനത്തോടും നന്ദിയോടുംകൂടി ഇന്നവരെ ഒരു ദാർശനികനും പറഞ്ഞിട്ടില്ല. ഇന്നത്തെ ശരീരമല്ല മറ്റൊരു ശരീരമാണ് നമുക്കു ലഭിച്ചിരുന്നതെങ്കിൽ? നമ്മുടെ പ്രപഞ്ചം മറ്റൊരു പ്രപഞ്ചമായിത്തീരും.

തികച്ചും പ്രൗഢവും ഉജ്ജ്വലവും സങ്കീർണ്ണവുമാണ് ഈ ഗ്രന്ഥം. അതേസമയം ദുർഗ്രഹവും. മോഡേണിസം, പോസ്റ്റ് മോഡേണിസം ഇവയെക്കുറിച്ച് ഈഗൽടൻ എഴുതുന്നതു വായിച്ചാൽ നമ്മൾ അദ്ദേഹത്തോടുള്ള ബഹുമാനത്താൽ തലകനിക്കും.

മാക്കിയാവെല്ലി

ശത്രുവിനോടു പറയാത്ത കാര്യം നമ്മൾ സ്നേഹിതനോടു പറയരുത്. സ്നേഹിതൻ ഏതെങ്കിലുമൊരു ദിവസം ശത്രുവായിത്തീരുമല്ലോ. സ്നേഹിതനെതിരായി പറയാൻ നമ്മൾ ആഗ്രഹിക്കാത്തതു ശത്രുവിനെതിരായും പറയരുത്. ശത്രു ഒരുകാലത്തു സ്നേഹിതനായിത്തീരും. (മാക്കിയാവെല്ലി—The Prince)

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.